**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1786** **31-08-2022 - ൽ മറുപടിയ്ക്ക്**

**ആലത്തൂർ മണ്ഡലത്തിൽ ബസ്സ് സർവ്വീസുകൾ പുനരാരംഭിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ .ഡി .പ്രസേനൻ | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | ആലത്തൂർ മണ്ഡലത്തിലൂടെയുള്ള എത്ര കെ.എസ്.ആർ.ടി.സി. ബസ്സ് സർവ്വീസുകളാണ് കോവിഡ് സാഹചര്യത്തിൽ നിർത്തലാക്കിയത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | ആലത്തൂർ മണ്ഡലത്തിലൂടെയുള്ള 8 കെ.എസ്.ആർ.ടി.സി. ബസ്സ് സർവ്വീസുകളാണ് കോവിഡ് സാഹചര്യത്തിൽ നിർത്തലാക്കിയത്.<br><br><u>പാലക്കാട്</u><br><br>1. 05.30 കാരപ്പാറ<br>2. 09.30 കാരപ്പാറ<br><br><u>വടക്കാഞ്ചേരി</u><br><br>1. 05.20 വടക്കാഞ്ചേരി – ആലത്തൂർ - കോഴിക്കോട്<br>2. 05.50 മംഗലം ഡാം – കോഴിക്കോട്<br>3. 06.40 മംഗലം ഡാം – കോഴിക്കോട്<br>4. 06.24 ആലത്തൂർ - കോഴിക്കോട്<br>5. 07.20 ആലത്തൂർ - കോഴിക്കോട്<br><br><u>ചിറ്റൂർ</u><br><br>06.55 തൃശ്ശൂർ |
| (ബി) | അവയിൽ പുനരാരംഭിച്ച സർവ്വീസുകളുടെ വിശദാംശം ലഭ്യമാക്കാമോ; ബാക്കിയുള്ള സർവ്വീസുകൾ പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ; | (ബി) | കോവിഡ് സാഹചര്യത്തിൽ യാത്രക്കാർ കുറഞ്ഞതിനാൽ നിർത്തിയ മേൽ സർവ്വീസുകളിൽ ലാഭകരമായവ ക്രമാനുഗതമായി ആരംഭിച്ച് വരികയാണ്. എന്നാൽ നഷ്ടത്തിലുള്ള ട്രിപ്പുകൾ പുനരാരംഭിക്കുന്നതിന് കെ.എസ്.ആർ.ടി.സി.യുടെ കടുത്ത സാമ്പത്തിക പ്രതിസന്ധിയിൽ കഴിഞ്ഞിട്ടില്ല. നഷ്ടത്തിലോടിയിരുന്നതും ഡീസൽ ചെലവിനുള്ള തുക പോലും ലഭ്യമാകാത്തതും പ്രവർത്തന ചെലവ് പോലും ലഭിക്കാത്ത സർവ്വീസുകൾ പുനരാരംഭിക്കുന്നതിന് നിലവിലെ സാമ്പത്തിക സ്ഥിതിയിൽ കഴിയാത്തതിനാൽ അത്തരം സർവ്വീസുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് ഗ്രാമവണ്ടി പദ്ധതിയിൽ ഉൾപ്പെടുത്തി ഓപ്പറേറ്റ് ചെയ്യുന്നതിന് നടപടികൾ |

| | | | |
|---|---|---|---|
| | | | സ്വീകരിച്ച് വരുന്നു. ഇത്തരത്തിൽ സർവ്വീസുകൾ ജനോപകാരപ്രദമായി ആരംഭിക്കുന്നതിനും പദ്ധതി നടപ്പാക്കി വരുന്നു. ഇത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ഡീസൽ തുക മാത്രം ലഭ്യമാക്കിയാൽ എത്രയും വേഗം ആരംഭിക്കാവുന്നതാണ്. |
| (സി) | ആലത്തൂർ മണ്ഡലത്തിലെ കുഴൽമന്ദം-വെള്ളപ്പാറ ജംഗ്ഷനിൽ ലിമിറ്റഡ് സ്റ്റോപ്പ് ഫാസ്റ്റ് പാസഞ്ചർ ഉൾപ്പെടെയുള്ള കെ.എസ്.ആർ.ടി.സി. ബസ്സുകൾക്ക് സ്റ്റോപ്പ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദവിവരം ലഭ്യമാക്കുമോ? | (സി) | ആലത്തൂർ മണ്ഡലത്തിലെ കുഴൽമന്ദം - വെള്ളപ്പാറ ജംഗ്ഷനിൽ ലിമിറ്റഡ് സ്റ്റോപ്പ് ഫാസ്റ്റ് പാസഞ്ചർ ഉൾപ്പെടെയുള്ള കെ.എസ്.ആർ.ടി.സി. ബസ്സുകൾക്ക് സ്റ്റോപ്പ് അനുവദിക്കുന്നതിനായി സാധ്യതാപഠനം നടത്തി കോർപ്പറേഷന് ഗുണകരമാകുമെങ്കിൽ സ്റ്റോപ്പ് അനുവദിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ